LIBRARY ARCHIVES Kerala Legislative Assembly

ലോ ലെവൽ കനാൽ

1. 7300-7800 മീറ്റർ - പ്രദേശവാസികളുടെ എതിർപ്പുമൂലം പണി നടക്കുന്നില്ല.
2. 10490 മീറ്റർ മുതൽ 12000 മീറ്റർ വരെയുള്ള പണികൾക്ക് 10-3-2004-ൽ സാങ്കേതികാനുമതി നൽകിയിരുന്നെങ്കിലും ചില സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം ഈ വർക്ക് ഒന്നിച്ച് പൂർത്തീകരിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ ടി വർക്ക് 10490 മീറ്റർ മുതൽ 10599 മീറ്റർ വരെയുള്ളതും 10599-12000 വരെയുള്ള രണ്ട് വർക്കുകളായി തിരിച്ച് പൂർത്തീകരിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.
3. 13818.5 മീറ്റർ -13876 മീറ്റർ (റെയിൽവേ ക്രോസിംഗ്)- റെയിൽവേയിൽ നിന്നും ഡിസൈൻ അംഗീകരിച്ച് കിട്ടിയിട്ടില്ല.
4. 14783 മീറ്റർ -14863 മീറ്റർ എൻ.എച്ച്. ക്രോസിംഗ്

(സി) സെൻട്രൽ വാട്ടർ കമ്മീഷന്റെ നിർദ്ദേശപ്രകാരം ലൈനിംഗ് പൂർത്തിയാക്കിയാൽ മാത്രമേ ഔദ്യോഗികമായി കമ്മീഷൻ ചെയ്യാൻ (ഭാഗികമായി) സാധിക്കുകയുള്ളൂ. ഇപ്പോൾ പ്രധാന കനാലിന്റെ 30 കിലോമീറ്റർ വരെയും ലോ ലെവൽ കനാലിന്റെ 7300 കിലോമീറ്റർ വരെയും തടസ്സങ്ങളില്ലാതെ വെള്ളം എത്തിക്കാൻ സാധിക്കുന്നുണ്ട്.

(ഡി) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ 2014-15 വർഷത്തെ ആക്ഷൻ പ്ലാനിന് അംഗീകാരം നൽകിയിട്ടുണ്ട്.

(ഇ) പ്രവൃത്തിയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(എഫ്) പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ലോ ലെവൽ കനാൽ

164 (2719) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ലോ ലെവൽ കനാൽ 10490 മുതൽ 12000 വരെയുള്ള ചെയ്നേജിന്റെ പ്രവൃത്തിക്ക് ഏതെല്ലാം ആക്ഷൻ പ്ലാനിൽ അംഗീകാരം നൽകിയിരുന്നു ;

(ബി) ഇതിന് സാങ്കേതികാനുമതിക്കായി എത്ര തവണ സമർപ്പിക്കപ്പെട്ടിരുന്നു ;

(സി) സാങ്കേതികാനുമതി നൽകുന്നതിലെ കാലതാമസത്തിന് കാരണവും ഈ പ്രവൃത്തിയുടെ നിജസ്ഥിതിയും വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ ;

(ഇ) ഇതിന്റെ സ്ഥലമെടുപ്പ് നടപടികൾക്ക് ഹൈലവൽ കമ്മിറ്റി അംഗീകാരം നൽകി ഇറക്കിയ ഉത്തരവിലെ വിസ്തീർണ്ണത്തിൽ വന്ന തെറ്റ് തിരുത്തുന്നതിൽ വന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ ; വകുപ്പിലെ ഉദ്യോഗസ്ഥരുടെ ശ്രദ്ധക്കുറവുമൂലം സംഭവിക്കുന്ന ഇത്തരം കൃത്യവിലോപത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ;

(എഫ്) ഈ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ലോ ലെവൽ കനാൽ ചെ 10490 മീറ്റർ മുതൽ 12000 മീറ്റർ വരെയുള്ള പ്രവൃത്തിക്ക് 2009-10, 2010-11, 2011-12, 2012-13, 2014-15 എന്നീ വർഷങ്ങളിലെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ലോ ലെവൽ കനാൽ 10490 മീറ്റർ മുതൽ 12000 മീറ്റർ വരെയുള്ള പണികൾക്ക് 10-3-2004-ൽ സാങ്കേതികാനുമതി നൽകി.

(സി&ഡി) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ 10490 മുതൽ 12000 വരെയുള്ള ചെയ്നേജ് പ്രവൃത്തി ചില സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം 10490 മീറ്റർ മുതൽ 10599 മീറ്റർ വരെയും 10599 മീറ്റർ മുതൽ 12000 മീറ്റർ വരെയുമുള്ള രണ്ട് പ്രവൃത്തികളായി തിരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിവന്നു. ടി പദ്ധതി രണ്ട് ഭാഗങ്ങളാക്കി മാറ്റി പൂർത്തീകരിക്കാനുള്ള അനുമതിക്കായി ചീഫ് എഞ്ചിനീയർ, പ്രോജക്ട്-2 സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇക്കാര്യത്തിൽ ഈ വകുപ്പിന് തെറ്റ് പറ്റിയിട്ടില്ല.

(എഫ്) മേൽ പ്രവൃത്തി 2 ഭാഗങ്ങളായി (2 reaches) പൂർത്തീകരിക്കാനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

പാലക്കാട് ജില്ലയിലെ ജലസംഭരണികൾ

165 (2720) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം വിളയ്ക്ക് ആവശ്യമായ ജലം പാലക്കാട് ജില്ലയിലെ ജലസംഭരണികളിൽ അവശേഷിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ബന്ധപ്പെട്ട ഉപദേശകസമിതികൾ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത ജില്ലയിലെ കനാലുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തികരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) മലമ്പുഴ, കാഞ്ഞിരപ്പുഴ, മീങ്കര, ചുള്ളിയാർ അണക്കെട്ടുകളിൽ രണ്ടാം വിളയ്ക്ക് ആവശ്യമായ ജലം ജലസംഭരണികളിൽ അവശേഷിക്കുന്നുണ്ട്. വാളയാർ അണക്കെട്ട് പൂർണ്ണ സംഭരണ ശേഷി എത്താത്തതിനാൽ രണ്ടാം വിളയ്ക്ക് 24 ദിവസം ജലവിതരണം നടത്താനുള്ള ജലം മാത്രമേ നിലവിലുള്ളൂ.

(ബി) ഉണ്ട്.

(സി) ചിറ്റൂർ, കാഞ്ഞിരപ്പുഴ ഡിവിഷനുകൾക്ക് കീഴിലുള്ള കനാലുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. മലമ്പുഴ ഡിവിഷനിൽ കനാലുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചുവരുന്നു.

വിവരാവകാശ നിയമത്തിനുവിരുദ്ധമായ ഉത്തരവുകൾ

166 (2721) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവരാവകാശ നിയമത്തെ മറികടക്കും വിധം, വിവരങ്ങൾ ലഭ്യമാക്കാതിരിക്കുന്നതിനുള്ള ഉത്തരവ് ജലവിഭവ വകുപ്പ് ഇറക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly